**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80** | **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസത്തിനു തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിനായി നിരവധി സ്കോളർഷിപ്പുകളും ധനസഹായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. അതുപോലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്രത്യേക ഹോസ്റ്റലുകൾ, സ്പോർട്സിൽ ശ്രദ്ധ നൽകുന്നതിനായി പ്രത്യേക കായിക പരിശീലന കേന്ദ്രങ്ങൾ വിദേശ പഠനം നടത്തുന്നതിന് പ്രത്യേക സ്കോളർഷിപ്പുകളും ധനസഹായവും നൽകി വരുന്നു. വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>ഇത് കൂടാതെ പ്രത്യേക മേഖലകളിൽ പ്രാവീണ്യം നേടുന്നതിന് പ്രത്യേക ധനസഹായവും അനുവദിച്ച് നൽകിവരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലെ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ പഠിക്കുന്നതിന് ആനുകൂല്യം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലെ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ പഠിക്കുന്നതിന് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് എന്ന പേരിൽ 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. |
| (സി) | ലോകത്തെ എല്ലാ വിദ്യാഭ്യാസ സമ്പ്രദായങ്ങളും അവസരങ്ങളും പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വിദ്യാർത്ഥികൾക്കും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലെ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ പഠിക്കുന്നതിന് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

1. പ്രീ-മെട്രിക്ക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. ഉന്നതി – ഓവർസീസ് സ്കോളർഷിപ്പ്
4. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
5. ഇതര സംസ്ഥാന പഠനം
6. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കോളർഷിപ്പ്
7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
8. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം
9. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.
10. ലാപ്ടോപ്പ് വിതരണം
11. പഠന മുറി പദ്ധതി
12. ഗോത്ര ബന്ധു പദ്ധതി
13. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി
14. ലക്ഷ്യ – സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം
15. വിങ്ങ്സ്-വൈമാനിക പരിശീലന പരിപാടി
16. വിഷൻ – മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം